# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *351

11.05.2017 ൽ മറുപടിക്ക്

### വ്യവസായ കുതിപ്പിനുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ<br>ശ്രീ. എം. മുകേഷ്<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഴി വ്യവസായ വികസനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ എസ് ഐ ഡി സി) സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനും വ്യവസായ കുതിപ്പിനുമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കെ എസ് ഐ ഡി സി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതികളാണ് ലൈഫ് സയൻസ് പാർക്ക്, മെഗാ ഫുഡ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് എന്നിവ. വ്യവസായം ആകർഷിക്കുന്നതിന് വേണ്ടി എല്ലാ വ്യവസായ പാർക്കുകളിലും വ്യവസായ വളർച്ചാകേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കി വരുന്നു. വ്യവസായം തുടങ്ങുന്നതിലേയ്ക്കായി കെ എസ് ഐ ഡി സി വായ്പകളും, ഓഹരി പങ്കാളിത്തവും അനുവദിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്നു.<br>സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് ആവശ്യമായ അനുമതികളും. ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിനായി നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ |

| | | | |
|---|---|---|---|
| | | | വരുത്തുവാനുള്ള പഠനം നടത്തുകയും അതുസംബന്ധിച്ച് ശുപാർശ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കേരളത്തിനകത്ത് നടപ്പിലാക്കിയ ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അനുമതികളും, ക്ലിയറൻസുകളും നൽകുന്നതിലേക്കായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലും തനതായ ഒരു വെബ് പോർട്ടലും പ്രവേശനകവാടവും സജ്ജമാക്കുവാനും സാധിച്ചിട്ടുണ്ട്. ഏകജാലക സംവിധാനത്തിലൂടെ കൂടുതൽ വ്യവസായ സംരംഭങ്ങൾക്ക് അനുമതികൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും, വ്യവസായ പ്രവർത്തനങ്ങൾക്കും പുറമേ കെ എസ് ഐ ഡി സി, വനിതാ സംരംഭകരുടേയും, സ്റ്റാർട്ട് അപ്പ് സംരംഭകരുടേയും ഉന്നമനത്തിനായി ഒരു പ്രത്യേക സാമ്പത്തിക സഹായപദ്ധതി കൂടി ആവിഷ്കരിച്ചിട്ടുണ്ട്. നവ വ്യവസായ സംരംഭകർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുതന്നെ വ്യവസായങ്ങളുടെ സംരംഭകർക്കായി പ്രാഥമികതലത്തിലേക്ക് സഹായ സഹകരണങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും കെ എസ് ഐ ഡി സി തുടർന്നും നൽകി വരുന്നു. നേരത്തെ പ്രഖ്യാപിച്ച ഏയ്ഞ്ചൽ ഫണ്ട്/സീഡ് ഫണ്ട് പദ്ധതികളും കെ എസ് ഐ ഡി സി നടപ്പിലാക്കി വരുന്നു. |
| **(ബി)** | വ്യവസായ പാർക്കുകളുടെയും വ്യവസായ ശാലകളുടെയും ക്ലസ്റ്റർ രൂപീകരിച്ച് വ്യവസായ കുതിപ്പിന് ലക്ഷ്യമിടുന്ന കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | **(ബി)** | വ്യവസായ പാർക്കുകളുടേയും വ്യവസായ ശാലകളുടെയും ക്ലസ്റ്റർ രൂപീകരിച്ച് വ്യവസായ കുതിപ്പിന് ലക്ഷ്യമിടുന്നതിന് കൊച്ചി മുതൽ പാലക്കാട് വരെ ഒരു ഹൈടെക്ക് വ്യവസായ ഇടനാഴി വികസിപ്പിച്ച് ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിന് സംസ്ഥാന സർക്കാർ, അപേക്ഷ കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. ഇതിനെ തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)നോട് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാർ കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശ ഏജൻസിയെ നിയമിക്കാൻ കെ എസ് ഐ ഡി സി ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രകൃതിയുടെ വരദാനമായ ധാതുമണൽ സംസ്ഥാനത്തെ വ്യവസായ പുരോഗതിയ്ക്ക് കുതിപ്പേകുന്ന വിധത്തിൽ, പൊതുമേഖലയിൽ ഇതിന്റെ ഖനനവും മൂല്യവർദ്ധന ഉല്പന്ന നിർമ്മാണവും ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ? | (സി) | സംസ്ഥാനത്തെ തീരപ്രദേശത്ത് ധാതുമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 11.01.2017 ലെ ഉത്തരവ് ജി. ഒ. (ആർ ടി) നം. 61/2017/വ്യവ പ്രകാരം താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>1. ഡോ. എം. പി. സുകുമാരൻ നായർ, ചെയർമാൻ, RIAB - ചെയർമാൻ.<br>2.. ഡോ. എം. ബീന, മാനേജിംഗ് ഡയറക്ടർ, കെ എസ് ഐ ഡി സി, കിൻഫ്ര & കെ ഇ എം ഡി ഇ എൽ - മെമ്പർ.<br>3. ശ്രീ. സഞ്ജയ് കൗൾ, ഐ എ എസ്, സ്പെഷ്യൽ സെക്രട്ടറി (വ്യവസായ വകുപ്പ്) - മെമ്പർ.<br>4. മാനേജിംഗ് ഡയറക്ടർ, കെ എം എം എൽ - മെമ്പർ.<br>5. മാനേജിംഗ് ഡയറക്ടർ, ടി ടി പി എൽ- മെമ്പർ.<br>6. മാനേജിംഗ് ഡയറക്ടർ, ഐ ആർ ഇ ലിമിറ്റഡ് - മെമ്പർ. |

| | | | |
|---|---|---|---|
| | | | 7.ഡയറക്ടർ, മൈനിംഗ് & ജിയോളജി<br>- മെമ്പർ.<br>പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.